കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് | 2018 സെപ്തംബർ 7

കാസർകോട് | വെള്ളി

www.prd.kerala.gov.in | 04994 255145 | dioksgd@gmail.com

## ജില്ലയിൽ 13 നും 15 നും മഹായജ്ഞം; ദുരിതാശ്വാസ നിധിയിൽ അനിവാര്യ പങ്കാളിത്തം വേണം: മന്ത്രി

മഹാപ്രളയം ദുരന്തംവിതച്ച നാടിന്റെ പുന:സൃഷ്ടിക്ക് ഓരോരുത്തരുടെയും പങ്കാളിത്തം അനിവാര്യമാണെന്നു റവന്യുവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ധനസമാഹരണ യജ്ഞം നടക്കുകയാണ്. ദുരിതത്തിലകപ്പെട്ടവർ നമ്മെപോലെ ജീവിക്കാൻ അർഹരാണ്. അവരിൽ നമ്മളെ തന്നെ കാണാനാകണമെന്ന് മന്ത്രി പറഞ്ഞു. കാസർകോട് മുൻസിപ്പൽ ടൗൺഹാളിൽ ദുരിതാശ്വാസ നിധിസമാഹരണവുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, വകുപ്പുതലവന്മാർ എന്നിവരുടെയും സംയുക്തയോഗത്തിൽ അധ്യക്ഷതവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ മാസം 13, 15 തീയതികളിൽ രു വീതം താലൂക്കുകളിലായി നിധിസമാഹരണം നടക്കും. മന്ത്രിയും, ജില്ലാ കളക്ടറും എല്ലാ താലൂക്ക് തല സമാഹരണത്തിലും പങ്കെടുക്കും. ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോഴും ഏഴായിരത്തോളം പേരു്. ഇവർക്ക് പോകാൻ വീടില്ല. പാടെ തകർന്ന വീടിനുപകരം വീടും ജീവിതോപാധിയും ഉചിതമായസ്ഥലത്തു നൽകേ ബാധ്യത നമുക്കു്. കേന്ദ്ര സർക്കാരും, പ്രധാനമന്ത്രിയും, സൈന്യവും നമ്മുടെ മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ളവരും വലിയ സഹായനടപടി കൈക്കൊിട്ടു്. എന്നാൽ 11,000 വീടുകൾ പൂർണ്ണമായും 1,15,000 വീടുകൾ ഭാഗികമായും തകരുകയും 57,000 ഹെക്ടർ കൃഷി നശിക്കുകയും ചെയ്തതിന്റെ പുനരുത്ഥാനം വലിയ കടമ്പയാണ്. നാമെല്ലാം അലിവുള്ള മനുഷ്യരാണെന്ന് തെളിയിച്ചു കഴിഞ്ഞതിനാൽ അതിജീവനം അസാധ്യമാകില്ലെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ മംഗൽപാടി പഞ്ചായത്ത് നൽകിയ രുലക്ഷം രൂപയുടെയും ഗൾഫ് സൗഹൃദകൂട്ടായ്മയുടെ ഒരു ലക്ഷം രൂപയുടെയും ചെക്ക് മന്ത്രി ഏറ്റുവാങ്ങി.

ഈ മാസം 13 ന് രാവിലെ വെള്ളരിക്കു് താലൂക്കിലും ഉച്ചയ്ക്കുശേഷം കാസർകോട് താലൂക്കിലും 15 ന് രാവിലെ ഹോസ്ദുർഗ് താലുക്ക്, ഉച്ചകഴിഞ്ഞ് മഞ്ചേശ്വരം താലൂക്ക് എന്നിങ്ങനെയാണു ദുരന്തനിവാരണ ധനസമാഹരണം നടക്കുന്നതെന്ന് ജില്ലാകളക്ടർ ഡോ:ഡി.സജിത് ബാബു പറഞ്ഞു. രാവിലെ പത്തരമുതൽ ഒരു മണിവരെയും ഉച്ചകഴിഞ്ഞ് രുമുതൽ തീരുന്നതുവരെയുമാണ് സമാഹരണം നടക്കുന്നത്. തുക ചെക്കായോ ഡിഡിയായോ മാത്രം കൊുവരണമെന്നും കൈപ്പറ്റു രശീതി ഉറപ്പുവരുത്തണമെന്നും കളക്ടർ പറഞ്ഞു.

എം.എൽ.എ മാരായ എൻ.എ.നെല്ലിക്കുന്ന്, കെ.കുഞ്ഞിരാമൻ, പി.ബി.അബ്ദുൾ റസാഖ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ, ജില്ലാ പോലീസ് മേധാവി ഡോ:എ.ശ്രീനിവാസ്, നീലേശ്വരം നഗരസഭാചെയർമാൻ പ്രൊഫസർ.കെ.പി.ജയരാജൻ എന്നിവരും സംസാരിച്ചു. കാസർകോട് നഗരസഭ ചെയർമാൻ ബീഫാത്തിമ ഇബ്രാഹിം, എ.ഡി.എം: എൻ.ദേവിദാസ്, ആർ.ഡി.ഒ മാരായ അബ്ദു സമദ്, സി,

(തുടരും)

ബിജു, വിവിധതദ്ദേശസ്ഥാപന അധ്യക്ഷന്മാര്‍, സെക്രട്ടറിമാര്‍, വകുപ്പുമേധാവികള്‍ തുടങ്ങിയവരും യോഗത്തില്‍ സംബന്ധിച്ചു. 13, 15 തീയതികളിലെ ധനസമാഹരണ യജ്ഞം സംബന്ധിച്ച് ഗ്രൂപ്പ് തലചര്‍ച്ചയും തുടര്‍ന്നുനടക്കും.

ഫോട്ടോ അടിക്കുറിപ്പ്: മിനിസ്റ്റര്‍:-

കാസര്‍കോട് മുന്‍സിപ്പല്‍ ടൗണ്‍ഹാളില്‍ മഹാപ്രളയ ദുരിതാശ്വാസ നിധിസമാഹരണവുമായി ബന്ധപ്പെട്ട യോഗത്തില്‍ മന്ത്രി ഇ.ചന്ദ്രശേഖരന്‍ സംസാരിക്കുന്നു.

## കുടുംബശ്രീയുമായി സഹകരിച്ച് കാഞ്ഞങ്ങാട് നഗരസഭയില്‍ ജനക്ഷേമ പരിപാടികള്‍ ആരംഭിക്കും

കുടുംബശ്രീയുമായി സഹകരിച്ച് കാഞ്ഞങ്ങാട് നഗരസഭയില്‍ നിരവധി ജനക്ഷേമ പരിപാടികള്‍ ആരംഭിക്കുന്നതിന് ടൗണ്‍ഹാളില്‍ സംഘടിപ്പിച്ച 'സ്വീപ് 2020 'ശില്‍പ്പശാലയില്‍ തീരുമാനമായി. വീടുകളില്‍നിന്നും പ്ലാസ്റ്റിക്മാലിന്യം നേരിട്ട് ശേഖരിച്ച് സംസ്ക്കരണകേന്ദ്രത്തിലെത്തിക്കാന്‍ സംവിധാനമൊരുക്കുന്ന ഹരിതകര്‍മസേന ജില്ലയില്‍ ആദ്യമായി കാഞ്ഞങ്ങാട് നഗരസഭയില്‍ പ്രവര്‍ത്തനമാരംഭിക്കുന്നു.സ്ത്രീസുരക്ഷയ്ക്കു പ്രാധാന്യംനല്‍കി പുതിയബസ് സ്റ്റാന്‍ഡില്‍ നഗരസഭനിര്‍മാണം പൂര്‍ത്തിയാക്കിയ വനിതകള്‍ക്കായി വനിതകള്‍നടത്തുന്ന ഷീലോഡ്ജും കൂടാതെ ഷീടാക്സിയും. കുടുംബശ്രീഉല്‍പ്പന്നങ്ങള്‍ക്കുംസേവനങ്ങള്‍ക്കും മെച്ചപ്പെട്ട വിപണി കത്തെുന്നതിനും വിവിധ ഉപജീവനപരിശീലനപരിപാടികള്‍ക്കുമായി പ്രത്യേകകേന്ദ്രം ഈവര്‍ഷം ആരംഭിക്കും.

നിര്‍മ്മാണമേഖലയില്‍ സ്ത്രീസാന്നിദ്ധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കെട്ടിടനിര്‍മ്മാണത്തില്‍ ശാസ്ത്രീയ പരിശീലനംനല്‍കി കുടുംബശ്രീയുടെ കീഴില്‍ കണ്‍സ്ട്രക്ഷന്‍ ഗ്രൂപ്പ് രൂപീകരിക്കുന്ന പ്രവര്‍ത്തനം നടന്നുവരുന്നു. തുടര്‍ന്ന് സര്‍ക്കാര്‍ ഭവനനിര്‍മ്മാണപദ്ധതികളുടെ നിര്‍മ്മാണവും ഇവരുടെ കൈകളിലെത്തും. സൗന്ദര്യപരിചരണത്തില്‍ ഭിന്നലിംഗക്കാരുടെ പ്രത്യേകനൈപുണ്യം ജനത്തിന് പരിചയപ്പെടുത്തുക എന്നഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന ബ്യൂട്ടിക്ലിനിക് സംസ്ഥാനത്തെതന്നെ അപൂര്‍വ്വം സംരംഭങ്ങളിലൊന്നാണ്. കാലത്തിനനുസരിച്ച് മാറിയിരിക്കുന്ന കാഞ്ഞങ്ങാട്നഗരത്തിലെ നിരത്തുകളോട് ചേര്‍ന്നുള്ളപാര്‍ക്കിംഗ് സംവിധാനം ഇനി കുടുംബശ്രീവനിതകളുടെ കൈകളിലാകും.

ഒരുഫോണ്‍നമ്പറില്‍ വിളിച്ചാല്‍ കൂലിപ്പണി, ഇലക്ട്രീഷ്യന്‍, കമ്പ്യൂട്ടര്‍ സര്‍വ്വീസിംഗ്, ഗൃഹോപകരണറിപ്പയറിംഗ് തുടങ്ങി വിവിധ സേവനങ്ങള്‍ നല്‍കുന്നവരെ ആവശ്യമുള്ളസ്ഥലങ്ങളില്‍ ലഭ്യമാക്കുന്നപരിപാടിയുടെ തുടക്കത്തിന് ഇനി ദിവസങ്ങള്‍മാത്രം ബാക്കി. വയോജനങ്ങള്‍ക്ക് വീടുകളിലെത്തി പരിചരണവും ആശുപത്രിവാസത്തിനോ യാത്രകള്‍ക്കോ മറ്റാവശ്യങ്ങള്‍ക്കോ തുണയും നല്‍കുന്ന ഹര്‍ഷംപദ്ധതിയിലേക്ക് കെയര്‍ഗിവര്‍മാര്‍ക്കു പരിശീലനംനല്‍കി ഉടന്‍തന്നെ സേവനസന്നദ്ധരാക്കുന്നു.

പരിപാടി നഗരസഭാചെയര്‍മാന്‍ വി.വി.രമേശന്‍ ഉദ്ഘാടനം ചെയ്തു.കുടുംബശ്രീ ജില്ലാമിഷന്‍കോ-ഓര്‍ഡിനേറ്റര്‍ ടി.ടി.സുരേന്ദ്രന്‍ അധ്യക്ഷത വഹിച്ചു.നഗരസഭാ വൈസ്ചെയര്‍പേഴ്സണ്‍ എല്‍.സുലൈഖ, ക്ഷേമകാര്യസ്റ്റാന്‍ഡിംഗ്കമ്മിറ്റിചെയര്‍പേഴ്സണ്‍ഗംഗാരാധാകൃഷ്ണന്‍, നഗരസഭാസെക്രട്ടറി അനീഷ്പി.എന്‍, ഹെല്‍ത്ത് സൂപ്പര്‍വൈസര്‍ രാജശേഖരന്‍നായര്‍ പി.ആര്‍., കുടുംബശ്രീ എ.ഡി.എം.സി.ജോസഫ് പെരുകില്‍ , ഹരിദാസന്‍ സി., മെമ്പര്‍സെക്രട്ടറി ജയചന്ദ്രന്‍ പി.വി., സി.ഡി.എസ്. ചെയര്‍പേഴ്സണ്‍മാരായ ടി.വി.പ്രേമ, സുജിനി എന്നിവര്‍ സംസാരിച്ചു.

## മീറ്റപ് കഫേയില്‍ ഐ. ടി രംഗത്ത് ഉയരങ്ങള്‍ കീഴടക്കിയ കാസര്‍കോട്ടുകാരന്‍ അതിഥിയായെത്തുന്നു

കേരള സ്റ്റാര്‍ട്ടപ്പ് മിഷന്‍ ഇന്ന്(സെപ്റ്റംബര്‍ 8) കാസര്‍കോട് സംഘടിപ്പിക്കുന്ന രാമത് മീറ്റപ് കഫേയില്‍ ഐ. ടി രംഗത്ത് ഉയരങ്ങള്‍ കീഴടക്കിയ കാസര്‍കോട്ടുകാരന്‍ അതിഥിയായെത്തുന്നു.നൂറ്റിയമ്പതോളം രാഷ്ട്രങ്ങളില്‍ നാല്പത്തിനായിരത്തില്‍ അധികം വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ ഉപയോഗിക്കുന്ന സോഫ്റ്റ്വെയര്‍ ഉണ്ണിയും ടീമുമാണ് വികസിപ്പിച്ചെടുത്തത്. സ്റ്റാര്‍ട്ടപ്പ്

(തുടരും)

സ്ഥാപകർക്കും ബിസിനസ് രംഗത്ത് വിജയിച്ചവരും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനുള്ള ഒരു പ്ലാറ്റ്ഫോം എന്ന രീതിയിലാണ് കേരള സ്റ്റാർട്ടപ് മിഷൻ മീറ്റപ് കഫെ ആവിഷ്കരിച്ചിരിക്കുന്നത്.

സ്വയം സംരഭകത്വത്തിൽ താല്പര്യമുള്ള പുതുതായി എന്തെങ്കിലും ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും പരിചയസമ്പന്നരായ സംരഭകരിൽ നിന്നും ലഭിക്കും.ജില്ലയിലെ യുവാക്കളെ ബിസിനസ് രംഗത്തേക്ക് ആകർഷിക്കാനും ബിസിനസ് രംഗത്തുള്ള ആളുകൾക്ക് ബിസിനസ് മെച്ചപ്പെടുത്താനും ആവശ്യമായ സെഷനുകളാണ് മീറ്റപ് കഫേയിലുാവുക. ഇന്ന് രാവിലെ 9.30 നു ജില്ലാ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഓഫീസിലാണ് പരിപാടി. പങ്കെടുക്കാൻ താല്പര്യമുള്ളവർ https://goo.gl/WXsRdT എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുകയോ 7736495689 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യവുമു്.

## അധ്യാപക ഒഴിവ്

ഉദുമ ഗവ.ഹയർസെക്കന്ററി സ്ക്കൂളിൽ എച്ച്,.എസ്.എ. മലയാളം, ഗണിതം, (മലയാളം മീഡിയം), ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) നാച്ചുറൽ സയൻസ് (മലയാളം മീഡിയം), ഫിസിക്കൽ സയൻസ് (കന്നഡ മീഡിയം) എന്നീ തസ്തികകളിൽ താല്കാലിക നിയമനം നടത്തുന്നു. കൂടിക്കാഴ്ച ഈ മാസം 11 ന് രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ. ഫോൺ:0467-2238012

## കേരളം പുനസൃഷ്ടിക്കുന്നതിന് സാക്ഷരതാ പ്രവർത്തകർ അണിനിരക്കണം: എജിസി ബഷീർ

പ്രളയ ദുരന്തം നേരിട്ട കേരളത്തെ പുന:സൃഷ്ടിക്കുന്നതിന് സാക്ഷരതാ പ്രവർത്തകരും തുല്ല്യതാ പഠിതാക്കളും അണിനിരക്കണമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ ആവശ്യപ്പെട്ടു. ലോക സാക്ഷരതാ ദിനത്തോടനുബന്ധിച്ച് ജില്ലാ സാക്ഷരത മിഷൻ ഡി.പി.സി. ഹാളിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തികമായും സന്നദ്ധ പ്രവർത്തനമായും ആശയപ്രചാരണമായും പ്രവർത്തനങ്ങൾ സംഘടിപ്പക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ആർ.ഡി.ഒ:പി. ബിജു മുഖ്യാതിഥിയായിരുന്നു. പപ്പൻ കുട്ടമത്ത് സാക്ഷരതാദിന സന്ദേശം നൽകി. ജില്ലാ പഞ്ചായത്ത് സ്റ്റാൻിംഗ് കമ്മിറ്റി ചെയർമാന്മാരായ ഹർഷാദ് വോർക്കാടി, അഡ്വ: എ.വി.ഉഷ, ജില്ലാ സാക്ഷരതാ സമിതി അംഗങ്ങളായ കെ.വി.രാഘവൻ മാസ്റ്റർ, രാജൻ പൊയ്നാച്ചി, ജില്ലാ കോ-ഓർഡിനേറ്റർ ഷാജു ജോൺ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ പി.പി.സിറാജ് എന്നിവർ സംസാരിച്ചു. ചടങ്ങിൽ ഹയർ സെക്കന്ററി തുല്ല്യതാപാസ്സായി വിവിധ കോഴ്സുകളിൽ ചേർന്ന പഠിതാക്കളെ ആദരിച്ചു. പ്രേരക്മാർ, പഠന കേന്ദ്രം ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കാൻ അവസരം

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി കുടിശ്ശിക അടയ്ക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ആഗസ്റ്റ് 23ന് ഉത്തരവ് പുറപ്പെടുവിച്ചു. ഈ പദ്ധതിയ്ക്ക് ഉത്തരവ് തിയതി മുതൽ ആറ് മാസം വരെ പ്രാബല്യം ഉായിരിക്കും. കുടിശ്ശിക അടയ്ക്കാൻ തൊഴിലുടമകൾ ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. പദ്ധതി സംബന്ധിക്കുന്ന വിശദവിവരങ്ങൾ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ലഭിക്കും.

(തുടരും)

# കൂടിക്കാഴ്ച 12-ാം തീയതിയിലേക്കു മാറ്റി

സി-ഡിറ്റ്, സൈബർശ്രീയിൽ പട്ടികജാതി വിഭാഗക്കാർക്ക് സോഫ്റ്റ്‌വെയർ വികസന പരിശീലനത്തിന് നിലവിലുള്ള ഒഴിവിലേക്ക് ഈ മാസം 10ന് നടത്താനിരുന്ന കൂടിക്കാഴ്ച 12 ലേക്ക് മാറ്റി. 20 നും 26നും മദ്ധ്യേ പ്രായമുള്ള കംപ്യൂട്ടർ സയൻസ്, ഐ.ടി, ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നിവയിൽ എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ എം.സി.എ, എം.എസ്.സി കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 12ന് രാവിലെ 10.30 ന് വിദ്യാഭ്യാസ യോഗ്യത, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം സൈബർശ്രീ സെന്റർ, സി-ഡിറ്റ്, പൂർണിമ, ടി.സി.ഇ.81/2964, തൈക്കാട് പി.ഒ., തിരുവനന്തപുരം-695011 എന്ന വിലാസത്തിൽ നേരിട്ടു ഹാജരാകണം. ഒരു മാസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 5500 രൂപ സ്റ്റൈപന്റ് ലഭിക്കും. ഫോൺ: 0471 2323949

# സിവിൽ സ്റ്റേഷൻ കാന്റീൻ നടത്തുന്നതിന്

# ക്വട്ടേഷൻ ക്ഷണിച്ചു

കാസർകോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന സിവിൽ സ്റ്റേഷൻ കാന്റീൻ നടത്തുന്നതിനായി അപേക്ഷ ഫോറത്തിനൊപ്പം ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വിവിധ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ, വ്യക്തികൾ എന്നിവരിൽനിന്നു പ്രതിമാസം ഒടുക്കുവാൻ തയ്യാറുള്ള നിരക്ക് കാണിച്ചുകൊ് ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഈ മാസം 24 ന് ഉച്ചകഴിഞ്ഞ് 3 ന് മുമ്പായി കളക്ടറേറ്റിൽ ലഭിക്കണം. ക്വട്ടേഷൻ അപേക്ഷ, നിബന്ധനകളുടെ പകർപ്പ് എന്നിവ കാസർകോട് കളക്ടറേറ്റിലും ജില്ലയിലെ രു റവന്യു ഡിവിഷനൽ ഓഫീസുകളിലും നാല് താലൂക്ക് ഓഫീസുകളിലും ലഭിക്കും.

# അധ്യാപക ഒഴിവ്

തളങ്കര ജി.എം.വി.എച്ച്.എസിൽ യു.പി.സ്കൂൾ ടീച്ചറുടെ താത്കാലിക ഒഴിവു്. കൂടിക്കാഴ്ച ഈ മാസം 11 ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ നടക്കും. ഫോൺ- 04994-230479

# കള്ള് വ്യവസായ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നു. അപേക്ഷകർ സർക്കാർ, സർക്കാർ അംഗീകൃത കോളേജുകളിൽ എം.ബി.ബി.എസ്, എം.ബി.എ, എം.സി.എ., എംടെക്ക്, എംഫാം, ബിടെക്, ബി.എ.എം.എസ്, ബി.ഡി.എസ്, ബി.വി.എസ്സി & എ.എച്ച്, ബിഎസ്സി.എംഎൽടി, ബിഫാം, ബിഎസ്സി നേഴ്സിങ്ങ് എന്നീ കോഴ്സുകളിൽ 2018-19 വർഷം ഒന്നാം വർഷം പ്രവേശനം ലഭിച്ചവരായിരിക്കണം. അപേക്ഷ ഫോറവും കൂടുതൽ വിവരങ്ങളും കാഞ്ഞങ്ങാട് വെൽഫെയർ ഫ് ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി 2018 ഒക്ടോബർ 31.

# ബാർബർ തൊഴിലാളികൾക്ക് ധനസഹായം

സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരും പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ഇവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു പിന്നാക്ക സമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബാർബർ ഷോപ്പുകളുടെ നവീകരണത്തിനുള്ള ധന സഹായ പദ്ധതിയിലേക്ക് (2018-19) അപേക്ഷ ക്ഷണിച്ചു. നിലവിൽ ഈ തൊഴിൽ ചെയ്യുന്ന വ്യക്തികൾ അപേക്ഷയും അനുബന്ധ രേഖകളും സാക്ഷ്യപത്രങ്ങളും സഹിതം സ്ഥാപനം പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെയാണു സമർപ്പക്കേത്. മുൻവർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരും, 60 വയസ് പൂർത്തിയായവരും അപേക്ഷിക്കേതില്ല. ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഈ മാസം 29 ന് ആണ്. അപേക്ഷ ഫോറത്തിനും മറ്റ് വിവര

(തുടരും)

ങ്ങൾക്കും www.bedd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, 0495-2377786 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യണം.

## മൺപാത്ര നിർമാണ തൊഴിലാളികൾക്ക് സർക്കാർ സഹായം

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പട്ടവരും കുടുബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരും പരമ്പരാഗതമായി മൺപാത്ര നിർമാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് അവരുടെ തൊഴിൽ അഭിവൃദ്ധിക്കായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് ധനസഹായം നൽകുന്നു.

അപേക്ഷ ഫോറത്തിന്റെ മാതൃകയും ഹാജരാക്കേ രേഖകളെ സംബന്ധിച്ചുട്ടുള്ള വിവരങ്ങളും www.bedd.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമാണ്. കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ അപേക്ഷകർ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഈ മാസം 29 ന് വൈകുന്നേരം അഞ്ചിനകം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നോക്ക വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് പിൻ- 673020 എന്ന വിലാസത്തൽ അയക്കണം. മുൻവർഷങ്ങളിൽ ആനുകുല്യം ലഭിച്ചിട്ടുളളവരും 60 വയസ് കഴിഞ്ഞവരും അപേക്ഷിക്കേതില്ല. ഫോൺ-0495 2377786

## ഡോ.യു.ശശിമേനോനെ ആദരിച്ചു

അധ്യാപക ദിനാചരണം മടിക്കൈ മോഡൽ കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നു. പ്രിൻസിപ്പൽ വി.ഗോപിനാഥൻ പരിപാടി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ മുൻ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ.യു.ശശി മേനോൻ, പ്രിൻസിപ്പൽ വി.ഗോപിനാഥൻ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. എല്ലാ അധ്യാപികർക്കും റോസാപ്പൂവും പേനയും നൽകി വിദ്യാർഥികൾ സ്വീകരിച്ചു.എൻഎസ്എസ് പ്രോഗ്രാം ഓഫീസർ വി.വീണ, ഐശ്വര്യ, കാവ്യ, ഡോ.യു.ശശി മേനോൻ, കെ. വി. കുഞ്ഞികൃഷ്ണൻ സംസാരിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്: ശശി മേനോൻ:-** മടിക്കൈ മോഡൽ കോളേജ് പ്രിൻസിപ്പൽ ഡോ.യു.ശശി മേനോനെ പ്രിൻസിപ്പൽ വി.ഗോപിനാഥൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു.

## അവധി ദിവസങ്ങളിൽ നികുതി സ്വീകരിക്കും

കാഞ്ഞങ്ങാട് നഗരസഭയിൽ ഈ മാസം 30 വരെ അവധി ദിവസങ്ങൾ ഉൾപ്പെടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ സ്വീകരിക്കുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

## ക്ലസ്റ്റർ പരിശീലനത്തിന് ജില്ലയിൽ തുടക്കമായി

ആശ മൊഡ്യൂൾ പരിശീലനത്തിന് മുന്നോടിയായുള്ള ക്ലസ്റ്റർ പരിശീലനം പെരിയ ഹെൽത്ത് ബ്ലോക്ക് ആരോഗ്യ പ്രവർത്തകർക്ക് നൽകി. കാഞ്ഞങ്ങാട് ബ്ലോക്ക് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സൈനബ ഉദ്ഘാടനം ചെയ്തു. പുല്ലൂർ പെരിയ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബിന്ദു അധ്യക്ഷത വഹിച്ചു.പെരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗൗരി, ജില്ലാ പാലിയേറ്റീവ് കോർഡിനേറ്റർ ഷിജി ശേഖർ, ജില്ലാ ആശ കോർഡിനേറ്റർ ശശികാന്ത് എന്നിവർ സംസാരിച്ചു.

## ടെർ തീയതി പുന:ക്രമീകരിച്ചു

ചില സംഘടകൾ തിങ്കളാഴ്ച ബന്ദ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടെർ നമ്പർ ടി.എൻ-2/2018-19 പ്രകാരം പരസ്യം നൽകിയിരുന്ന പ്രവർത്തികളിൽ ടെർ സ്വീകരിക്കുന്ന അവസാനതീയതി ഈ മാസം 15 ന് ഉച്ചക്ക് രുവരെ നീട്ടി പുന:ക്രമീകരിച്ചു. ടെർ അന്നേ ദിവസം മൂന്നിന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ തുറക്കും.

(തുടരും)

## ഡ്രൈവർ റാങ്ക് ലിസ്റ്റ്

കാസർകോട് ജില്ലാ സഹകരണബാങ്കിൽ ഡ്രൈവർ തസ്തികയുടെ (പാർട്ട് ഒന്ന്-നേരിട്ടുള്ള നിയമനം) (കാറ്റഗറി നം.242/2015) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭിക്കും.

## കരുണ സ്പെഷ്യൽ സ്കൂളിൽ നടത്താനിരുന്ന പരിപാടി റദ്ദാക്കി

മഹാപ്രളയത്തെതുടർന്ന് സംസ്ഥാന സർക്കാർ ആഘോഷപരിപാടികൾ ഒരു വർഷത്തേക്ക് ഒഴിവാക്കിയതിനാൽ ഈ മാസം 15ന് കാസർകോട് ആലംപാടി കരുണ സ്പെഷ്യൽ സ്കൂളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന മദർ തെരേസ അനുസ്മരണ ദിനാചരണം ഒഴിവാക്കിയതായി ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു.

## ലാബ് ടെക്നീഷ്യൻ കൂടിക്കാഴ്ച മാറ്റി

കാസർകോട് ജനറൽ ആശുപത്രിയിലേക്ക് ലാബ് ടെക്നീഷ്യൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഈ മാസം 10ന് നടത്താനിരുന്ന കൂടിക്കാഴ്ച 17ലേക്ക് മാറ്റിവച്ചതായി ആശുപത്രി സുപ്ര് അറിയിച്ചു.

## കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർ;

## അപേക്ഷ ക്ഷണിച്ചു

കുടുംബശ്രീ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നതിനായി ജില്ലാകുടുംബശ്രീ മിഷൻ ഓഫീസിൽതാഴെ പറയുന്ന തസ്തികകളിലേക്ക് നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. തസ്തികയുടെ പേര്, വിദ്യാഭ്യാസയോഗ്യത എന്നിവ ക്രമത്തിൽ. ബ്ലോക്ക് കാർഡിനേറ്റർ-1 :-അംഗീകൃത സർവ്വകലാശാലബിരുദാനന്തര ബിരുദം (പ്രായപരിധി 21-35), ബ്ലോക്ക് കോർഡിനേറ്റർ -2:-വി.എച്ച്.എസ്.സി(അഗ്രികൾച്ചർ/ലൈവ്സ്റ്റോക്ക്)(പ്രായപരിധി 21-35).

ഒരുവർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 17ന് വൈകിട്ട് അഞ്ചുവരെ കാസർകോട് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നേരിട്ട് സമർപ്പിക്കണം. ഫോൺ: 04994 256111.

## എംപ്ലോയബിലിറ്റി സെന്ററിൽ

## വിവിധ തസ്തികകളിലേക്ക് കൂടിക്കാഴ്ച 11ന്

ജില്ല എംപ്ലോയിമെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ജോലി കൂടിക്കാഴ്ച നടത്തുന്നു. ഈ മാസം 11 ന് രാവിലെ 10ന് കാസർകോട് കലക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെന്ററിലാണ് കൂടിക്കാഴ്ച നടത്തുന്നത്.

ഇന്റീരിയർ ഡിസൈനർ (ബിആർക്ക്, ബിഎസ്‌സി ഇന്റീരിയർ ഡിസൈനിങ്), ഫാഷൻ ഡിസൈനർ (ബിഎസ്‌സി ഫാഷൻ ഡിസൈനിങ്), അസിസ്റ്റൻറ് കൗൺസിലർ (ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തബിരുദം), മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് (പ്ലസ് ടു, ഡിഗ്രി, ബിരുദാനന്ത ബിരുദം)എന്നീ ഒഴിവുകളിലേക്കാണ് കൂടിക്കാഴ്ച.

18 വയസു മുതൽ 35 വരെയും കുറഞ്ഞ യോഗ്യത പ്ലസ്ടു അതിന് തുല്യത ഉള്ളവർക്കും എംപ്ലോയിബിലിറ്റി സെന്ററില് രജിസ്റ്റർ ചെയ്യാം. ഉദ്യോഗാർഥികൾ രജിസ്ട്രേഷൻ ഫീസായ 250 രൂപയും തിരിച്ചറിയൽ കാർഡും ബയോഡാറ്റയും, യോഗ്യത സർട്ടിഫിക്കറ്റ് സഹിതം ഓഫിസിൽ നേരിട്ടെത്തി

രജിസ്ട്രേഷന്‍ നടത്തണം. സ്പോര്‍ട്ട് രജിസ്ട്രേഷന്‍ രാവിലെ 10 മുതല്‍ 11.30 വരെ. ഫോണ്‍:04994-297470,9207155700

## ടെക്നീഷ്യന്മാരെ ആവശ്യമുണ്ട്

മധുര്‍ കൃഷിഭവന്‍ കാര്‍ഷിക കര്‍മ്മ സേനയിലെ ടെക്നീഷ്യന്മാരുടെ ഒഴിവിലേക്ക് കാര്‍ഷിക വൃത്തിയുമായി താല്പ്പര്യമുള്ളവരില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. മധൂര്‍ പഞ്ചായത്ത് പരിധിയിലുള്ള വര്‍ക്ക് മുന്‍ഗണന. പൂരിപ്പിച്ച അപേക്ഷകള്‍ ബായോഡാറ്റ സഹിതം കൃഷി ഓഫീസര്‍, കൃഷിഭവന്‍, മധൂര്‍ പി.ഒ എന്ന വിലാസത്തിലോ, നേരിട്ടോ ഈ മാസം 24നകം എത്തിക്കണം. ഫോണ്‍: 04994 231288

## നോര്‍ക്ക റൂട്ട്സ് എച്ച്ആര്‍ഡി അറ്റസ്റ്റേഷന്‍

കോഴിക്കോട് നോര്‍ക്ക റൂട്ട്സ് സര്‍ട്ടിഫിക്കറ്റ് ഓതന്റിക്കേഷന്‍ സെന്ററില്‍ നടത്തിക്കൊരിരിക്കുന്ന എച്ച്ആര്‍ഡി അറ്റസ്റ്റേഷന്‍ പൊതുജന സൗകര്യാര്‍ത്ഥം കണ്ണൂര്‍ ജില്ലാ പഞ്ചായത്ത് മിനി കോണ്‍ഫറന്‍സ്  ഹാളില്‍ ഈ മാസം 27ന് രാവിലെ ഒന്‍പത് മുതല്‍ 12.30 വരെ നടത്തും. അറ്റസ്റ്റേഷന് വരുന്നവര്‍ ഓണ്‍ലൈനില്‍ റജിസ്റ്റര്‍ ചെയ്ത് അതില്‍ നിന്നും എടുത്ത പ്രിന്റഡ് അപേക്ഷയുമായി കരുതണം. അപേക്ഷയില്‍ ഓഫീസ് കണ്ണൂര്‍ എന്നും  തീയതി 27/09/18 എന്നും ആയിരിക്കണം. (സൈറ്റ് അഡ്രസ്സ് :-(202.88.244.146:8084/norka/ അല്ലെങ്കില്‍ norkaroots.net ല്‍ Certificate Attestation). ആ ദിവസം കോഴിക്കോട് നോര്‍ക്ക റൂട്ട്സിന്റെ സര്‍ട്ടിഫിക്കറ്റ് അറ്റസ്റ്റേഷന്‍ സെന്ററില്‍ സര്‍ട്ടിഫിക്കറ്റ് അറ്റസ്റ്റേഷന്‍ ഉായിരിക്കുന്നതല്ല.  ഫോണ്‍: ഫോണ്‍ 04972765310, 04952304885

**(അവസാനിച്ചു)**